"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി അനു സി.എസ്.-ന്റെ മാതാവിന്റെ ചികിത്സയ്ക്കായി കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ തുക - പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.901/2026/LSGD തീയതി,തിരുവനന്തപുരം, 21-04-2026

പരാമർശം:-
1. ശ്രീമതി അനു സി.എസ്. ന്റെ 26.05.2025 ലെ അപേക്ഷ
2. കൊല്ലം ജില്ലാ മെഡിക്കൽ ആഫീസറുടെ 21.12.2025 ലെ ഡി2-5153/25/ജി.മെ.ആ. നമ്പർ കത്ത്.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.03.2026 ലെ LSGD/PD/3568/2026-DEG1 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി അനു സി.എസ്., ടിയാളുടെ മാതാവിന്റെ ചികിത്സക്കായി കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 18/03/2025 മുതൽ 23/03/2025 വരെ ചെലവായ 27,646/- രൂപ തുക മെഡിക്കൽ റീ ഇംബേഴ്സ് ഇനത്തിൽ പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2] ശ്രീമതി അനു സി. എസ്. ന്റെ മാതാവ് ശ്രീമതി സതീദേവി എസ്. ന്റെ മേൽ കാലയളവിലെ ചികിത്സക്കായി ചെലവായ തുകയിൽ 14,816/- (പതിനാലായിരത്തി എണ്ണൂറ്റിപതിനാറ് രൂപ മാത്രം) അനുവദനീയമാണെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി അനു സി. എസ്. ന്റെ മാതാവിന്റെ ചികിത്സക്കായി കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 18/03/2025 മുതൽ 23/03/2025 വരെ

ചെലവായ തുകയിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച **14,816** /- രൂപയുടെ **80%** ആയ **11,853**/- രൂപ (പതിനൊന്നായിരത്തി എണ്ണൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി അനു സി.എസ്., സീനിയർ സൂപ്രണ്ട്, കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ബന്ധപ്പെട്ട രേഖകൾ സഹിതം)*
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം/ തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*ഇപിബി1/83/2026-തസ്വഭവ നം. ഫയൽ*)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 21-04-2026 15:45:27
സെക്ഷൻ ഓഫീസർ